


**Week 22 ( May 12_2024)**

1. We confess, “By whose hands the worlds were established and everything was created” What is meant by this phrase?

   It means that *Alaha* the Father created all things by His Son, His eternal wisdom and by His eternal Word.

2. We Confess in the Creed; “who for us men and for our salvation came down from Heaven”? About Whom is it said?

   We are confessing the Second *Knoma* of the Holy Trinity, *Alaha* The *Melsa* (Word), *Bre' d'Alaha* (Son of *Alaha*).

3. What is the East Syriac word for Holy Trinity?

   *“Thlisayusa”.*

4. How did He come “down from Heaven” even though we declare that “*Alaha* is everywhere present?”

Before the Incarnation of *Isho M'shiha,* the Father was not visible upon Earth, in *Isho* we have the appearance of Alaha in flesh (the Father was revealed in Isho M'shiha).

5. What do we mean by sin, how do we define the word sin?

According to the Holy Bible, sin is the transgression of the Law (of *Alaha).*

6. Man was created in the Image of *Alaha*, but where does Man's desire to sin come from?

when man acted on his free will he sinned, because he was tempted by the evil one.

7. Which kind of death came about upon our foreparents, because of their sin; physical or spiritual?

Both, either physical or spiritual death visited humankind. Physical death, when the human soul separates from the body; and, spiritual death when the soul separates from *Alaha*.

8. Do humankind have any hope for salvation?
Yes! When Adam and Eve had confessed their sin, *Alaha* the Almighty promised them a hope for salvation.

9. Why is it written that *Isho M'shiha* was of the “seed of the woman?”
He was born as a man, of the Holy Virgin *Maryam,* by the Power of the *Ruha d'Qudsha,* without benefit of an earthly father. So, *Isho* had an earthly mother; with a heavenly Father.

10. What was the benefit of “the Promise”?
That from the time of “The Promise” humankind was enabled to believe in the forth coming of the redemptive message of *Isho M'shiha* our Lord and Savior. As, now we who are believers know for certain that the promise has been fulfilled by the coming of Him who is *M'shiha,* while awaiting the coming the Second time from Heaven.

11. In the times past, did people believe in the coming of the *M'shiha*?
Some did, but the greater number of humankind forgot that *Alaha* had made a promise to send a savior.

12. In the course of history, did *Alaha* remind people of His forgotten promise?
Yes! The recorded history of the salvation, clearly indicates to the readers of the Sacred Scriptures that *Alaha* reminded His creation of His promises.

13. What is meant by the word “Incarnation?”
By the word Incarnation we mean that *Alaha* the Word the Second *Knoma* of the Holy Trinity took upon Himself human enfleshment (that is a human body), without sin, and was made man, without ceasing to be *Alaha* the *M'shiha* who is perfect man and perfect *Alaha*.

14. Why do we confess “. . . He became man. . .”?
We confess “He became man” because to give emphasis to the our Lord’s perfect humanity.

15. How many natures do we confess in *M'shiha*?
We confess that there are two natures in *M'shiha*; His humanity, and His Divinity.

16. Why do we confess, *Isho M'shiha* “. . . was crucified for us men. . .”?
In this statement we clearly declare that *Maran Isho M'shiha* through His death upon the *Sleeva,* delivered us from the curse of death, sin and Satan.

17. What was the purpose of the descent into *Sheol* by our Lord?
First, to proclaim His victory over death; and secondly, to deliver the righteous souls who had, in faith, anticipated His coming.

18. In what form did *Isho* ascend into Heaven? In His humanity? or, in His Divinity?
In His humanity, In his Divinity was always in Heaven.

19. Why do we name or call the Third Person of the Holy Trinity "Lord God?"
We use this term in the same fashion as we refer to the entire *Qnome* of the Holy Godhead; "Lord God."

20. Why *Ruha d'Qudsha* is called "The Giver of Life"?
That He, together with *Alaha* the Father, and *Alaha* the Son gives life to all creatures which had been created from the beginning; especially in the matter of humankind in which the spiritual life is recognized as primary.

**Week 22 (May 12_2024)**

1..'അവന്റെ കൈകളാൽ ലോകങ്ങൾ സ്ഥാപിക്കപ്പെട്ടു, എല്ലാം സൃഷ്ടിക്കപ്പെട്ടു' വിശ്വാസപ്രമാണത്തിലെ ഈ വാചകം എന്താണ് അർത്ഥമാക്കുന്നത്?

പിതാവായ ആലാഹാ അവിടുത്തെ നിത്യമായ ജ്ഞാനവും വചനവുമായ പുത്രനാൽ എല്ലാം സൃഷ്ടിച്ചു എന്നാണിതർത്ഥമാക്കുന്നത്.

2. 'മനുഷ്യരായ നമുക്കുവേണ്ടിയും നമ്മുടെ രക്ഷയ്ക്കുവേണ്ടിയും സ്വർഗ്ഗത്തിൽ നിന്ന് ഇറങ്ങിവന്നവൻ' വിശ്വാസപ്രമാണത്തിൽ നാമിത് ഏറ്റുപറയുമ്പോൾ ആരെക്കുറിച്ചാണ് പറയുന്നത്?

പരിശുദ്ധ ത്രിത്വത്തിന്റെ രണ്ടാമത്തെ ക്നോമായും ആലാഹാ ദ് മെൽസയും (വചനം), ആയ ബ്റേ ദ് ആലാഹായെ (ആലാഹായുടെ പുത്രനെക്കുറിച്ച്).

3. പരിശുദ്ധ ത്രിത്വത്തിന്റെ പൗരസ്ത്യ സുറിയാനി പദം എന്താണ്?

''ത്ലിസായൂസ''.

4. ' ആലാഹാ എല്ലായിടത്തും ഉണ്ട്' എന്ന് പ്രഖ്യാപിച്ചിട്ടും അവൻ എങ്ങനെയാണ് 'സ്വർഗ്ഗത്തിൽ നിന്ന് ഇറങ്ങി' വന്നു എന്ന് പറയുന്നത്?

ഈശോമിശിഹായുടെ മനുഷ്യാവതാരത്തിന് മുമ്പ്, പിതാവ് ഭൂമിയിൽ ദൃശ്യമായിരുന്നില്ല, ഈശോയിൽ ആലാഹായുടെ മാംസത്തിലുള്ള വെളിപ്പെടലുണ്ട്. (ഈശോമിശിഹായിൽ പിതാവ് വെളിപ്പെട്ടു).

5. പാപം എന്നതുകൊണ്ട് നാം എന്താണ് അർത്ഥമാക്കുന്നത്, പാപം എന്ന വാക്കിനെ എങ്ങനെ നിർവചിക്കാം?

വിശുദ്ധ ഗ്രന്ഥമനുസരിച്ച്, പാപം ആലാഹായുടെ നിയമത്തിന്റെ ലംഘനമാണ്.

6. മനുഷ്യൻ ആലാഹായുടെ പ്രതിച്ഛായയിൽ സൃഷ്ടിക്കപ്പെട്ടതിനാൽ, പാപം ചെയ്യാനുള്ള മനുഷ്യന്റെ ആഗ്രഹം എവിടെ നിന്നാണ് വരുന്നത്?

മനുഷ്യൻ പാപം ചെയ്തത് അവൻ തന്റെ സ്വതന്ത്ര ഇച്ഛാശക്തിയെ വശീകരിക്കുന്ന ഒരു പരീക്ഷണത്തിനോ ദുഷ്ടനിൽ നിന്നുള്ള പ്രലോഭനത്തിനോ വശംവദനായതു വഴിയാണ്.

7. നമ്മുടെ പൂർവ്വപിതാക്കന്മാർക്ക് അവരുടെ പാപം നിമിത്തം സംഭവിച്ച മരണം ഭൗതികമോ ആത്മീയമോ?

ഭൗതികവും ആത്മീയവും ആയ മരണം മനുഷ്യരാശിയെ സന്ദർശിച്ചു. ഭൗതിക മരണം, ശരീരത്തിൽ നിന്ന് ആത്മാവ് വേർപെടുമ്പോളും ; ആത്മീയ മരണം, ആത്മാവ് ആലാഹായിൽ നിന്ന് വേർപെടുമ്പോളും.

8. മനുഷ്യവംശത്തിന്റെ രക്ഷയ്ക്കായി ആലാഹ എന്തെങ്കിലും പ്രതീക്ഷ നൽകിയിരുന്നോ?

ഉണ്ട്, ആദവും ഹവ്വായും തങ്ങളുടെ പാപം ഏറ്റുപറഞ്ഞപ്പോൾ, സർവ്വശക്തനായ ആലാഹാ അവർക്ക് രക്ഷയുടെ പ്രത്യാശ വാഗ്ദാനം ചെയ്തു.

9. ഈശോമിശിഹാ 'സ്ത്രീയുടെ സന്തതിയിൽപെട്ടവനാണെന്ന് എഴുതിയിരിക്കുന്നത് എന്തുകൊണ്ട്?

ഭൗമിക പിതാവിന്റെ പിന്തുണയില്ലാതെ, റൂഹാദ് കൂദ്ശായുടെ ശക്തിയാൽ. പരിശുദ്ധ കന്യകാമറിയത്തിൽ നിന്നും മനുഷ്യനായി ഈശോ ജനിച്ചു. അതിനാൽ, ഈശോയ്ക്ക് ; സ്വർഗീയ പിതാവിനൊപ്പം ഒരു ഭൗമിക മാതാവുണ്ടായിരുന്നു.

10. ''വാഗ്ദനത്തിന്റെ'' പ്രതിഫലം എന്തായിരുന്നു?

വാഗ്ദാനത്തിന്റെ സമയം മുതൽ മനുഷ്യവംശം നമ്മുടെ കർത്താവും രക്ഷകനുമായ ഈശോമിശിഹായുടെ രക്ഷാകരസന്ദേശത്തിന്റെ വരവിൽ വിശ്വസിക്കാൻ പ്രാപ്തരായി. സ്വർഗ്ഗത്തിൽ നിന്നുള്ള രണ്ടാം വരവ് കാത്തിരിക്കുമ്പോൾ, ഈശോമിശിഹായുടെ വരവിലൂടെ വാഗ്ദാനം പൂർത്തീകരിച്ചിരിക്കുന്നുവെന്ന് വിശ്വാസികളായ നമുക്കെല്ലാവർക്കും ഉറപ്പായും അറിയാം.

11. മിശിഹായുടെ വരവിൽ പൂർവ്വകാലത്ത് ജനം വിശ്വസിച്ചിരുന്നോ?

ചിലർ വിശ്വസിച്ചിരുന്നു. പക്ഷേ ഒരു രക്ഷകനെ അയയ്ക്കുമെന്ന ആലാഹായുടെ വാഗ്ദാനം മനുഷ്യരാശിയുടെ വലിയൊരു വിഭാഗം മറന്നുപോയി.

12. വിസ്മരിച്ച വാഗ്ദാനത്തെക്കുറിച്ച് ആലാഹാ ചരിത്രഗതിയിൽ ഓർമ്മിപ്പിച്ചോ?

തീർച്ചയായും, രേഖപ്പെടുത്തപ്പെട്ട രക്ഷാചരിത്രം, വിശുദ്ധ ഗ്രന്ഥം വായിക്കുന്നവർക്ക് ആലാഹ തന്റെ വാഗ്ദാനങ്ങളെക്കുറിച്ച് തന്റെ സൃഷ്ടിയെ ഓർമ്മിപ്പിച്ചതായി വ്യക്തമായി സൂചിപ്പിക്കുന്നു.

13. 'മനുഷ്യാവതാരം' എന്ന വാക്കിന്റെ അർത്ഥമെന്താണ്?

പരിശുദ്ധ ത്രിത്വത്തിന്റെ രണ്ടാമത്തെ ക്നോമയായ ആലാഹാ എന്ന വചനം പാപരഹിതമായ മനുഷ്യശരീരം സ്വീകരിച്ചു, ദൈവത്വത്തിന് ഭംഗംവരുത്താതെ മിശിഹാ പൂർണ്ണമനുഷ്യനും പൂർണ്ണദൈവവുമായി. ഇതാണ് മനുഷ്യാവതാരം എന്നതുകൊണ്ട് അർത്ഥമാക്കുന്നത്.

14. 'അവൻ മനുഷ്യനായി ' എന്ന് എന്തുകൊണ്ടാണ് ഏറ്റുപറയുന്നത് ?

നമ്മുടെ കർത്താവിന്റെ പൂർണ്ണ മനുഷ്യത്വത്തിന് ഊന്നൽ നൽകേണ്ടതിനാലാണ് 'അവൻ മനുഷ്യനായിത്തീർന്നു'. എന്ന് ഏറ്റുപറയുന്നത്.

15. മിശിഹായിൽ എത്ര സ്വഭാവങ്ങൾ ( പ്രകൃതങ്ങൾ) നാം ഏറ്റുപറയുന്നു?

മിശിഹായിൽ രണ്ട് സ്വഭാവങ്ങളുണ്ടെന്ന് (പ്രകൃതങ്ങൾ) നാം ഏറ്റുപറയുന്നു; അവന്റെ മനുഷ്യത്വവും, അവന്റെ ദൈവത്വവും.

16. ''മനുഷ്യരായ ഞങ്ങൾക്കുവേണ്ടി ക്രൂശിക്കപ്പെട്ടു''. എന്തുകൊണ്ടാണ് ഈശോമിശിഹായെപറ്റി ഇപ്രകാരം നാം ഏറ്റു പറയുന്നത്?

നമ്മുടെ കർത്താവായ ഈശോ മിശിഹാ സ്ലീവാ മരണത്തിലൂടെ മരണത്തിന്റെയും പാപത്തിന്റെയും സാത്താന്റെയും പിടിയിൽ നിന്ന് നമ്മെ മോചിപ്പിച്ചുവെന്ന് നാം വിശ്വസിക്കുന്നതിനാൽ.

17. നമ്മുടെ കർത്താവ് ഷിയോളിലേക്ക് ഇറങ്ങുന്നതിന്റെ ഉദ്ദേശ്യം എന്തായിരുന്നു?

ഒന്നാമതായി, മരണത്തിനെതിരായ അവന്റെ വിജയം പ്രഖ്യാപിക്കുക; രണ്ടാമതായി, അവന്റെ വരവ് വിശ്വാസത്തോടെ പ്രതീക്ഷിച്ചിരുന്ന നീതിമാന്മാരെ മോചിപ്പിക്കുക.

18. ഏത് രൂപത്തിലാണ് ഈശോയുടെ സ്വർഗ്ഗാരോഹണം, അവന്റെ മനുഷ്യത്വത്തിലോ? അതോ, അവന്റെ ദൈവത്വത്തിലോ?

അവന്റെ മനുഷ്യത്വത്തിൽ! കാരണം ആലാഹാ എന്ന നിലയിൽ അവൻ എപ്പോഴും സ്വർഗ്ഗത്തിലായിരുന്നു.

19. പരിശുദ്ധ ത്രിത്വത്തിലെ മൂന്നാമത്തെ വ്യക്തിയെ 'കർത്താവായ ദൈവം'എന്ന് വിളിക്കുകയോ – പേരുചൊല്ലുകയോ ചെയ്യുന്നത് എന്തുകൊണ്ട്?

പരിശുദ്ധ ദൈവത്തിന്റെ മുഴുവൻ ക്നോമകളെയും പരാമർശിക്കുന്ന അതേ രീതിയിലാണ് 'കർത്താവായ ദൈവം'.എന്ന പദം ഉപയോഗിക്കുന്നത്.

20. റുഹാദ് കൂദ്ശായെ 'ജീവൻ നൽകുന്നവൻ' എന്ന് വിളിക്കുന്നത് എന്തുകൊണ്ട്?

പിതാവായ ആലാഹാ, പുത്രൻ ആലാഹാ, എന്നിവരോടൊപ്പം അവിടുന്ന് ആദിമുതൽ സൃഷ്ടിക്കപ്പെട്ട എല്ലാ സൃഷ്ടികൾക്കും ജീവൻ നൽകുന്നു; ആത്മീയ ജീവിതം പ്രാഥമികമായി അനിവാര്യമായ മനുഷ്യവംശത്തിന്റെ കാര്യത്തിൽ പ്രത്യേകിച്ചും.